POLICE DEPARTMENT

KERALA

**No. E3-77532/2023/P**
District Police Office,
Palakkad
✉spplkd.pol@kerala.gov.in
📞04912536700
Dated. 04-10-2023

**ലേല പരസ്യം**

പാലക്കാട് ജില്ലാ പോലീസ് മേധാവിയുടെ അധികാര പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള കൊപ്പം പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിനുള്ളിൽ, പുതിയ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നിർദിഷ്ട സ്ഥലത് നിൽക്കുന്ന മരങ്ങൾ ലേലം ചെയ്ത് മുറിച്ച് മാറ്റുന്നതിന് ബന്ധപ്പെട്ട അധികാരികൾ അനുമതി നൽകിയിട്ടുള്ളതാണ്. പ്രസ്തുത മരങ്ങൾ 20.10.2023 തീയതി കാലത്ത് 11.00 മണിക്ക് കൊപ്പം പോലീസ് സ്റ്റേഷൻ കോംപൗണ്ടിൽ വെച്ച് പരസ്യമായി ലേലം നടത്തി വിൽക്കുന്നതാണ്.

**ലേല നിബന്ധനകൾ:-**

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലം ആരംഭിക്കുന്നതിന് മുൻബ് ലേല സ്ഥലത്തു നേരിട്ട് ഹാജരാകേണ്ടതും നിരതദ്രവ്യമായി **500/-** രൂപ അടക്കേണ്ടതുമാണ്. ഏറ്റവും കൂടുതൽ ലേല തുക വിളിക്കുന്ന ആൾക്ക് ലേലം ഉറപ്പിക്കുന്നതും, ലേല തുകയുടെ പകുതി അപ്പോൾ തന്നെ അടക്കേണ്ടതുമാണ്. ലേലം ബഹുമാനപ്പെട്ട ജില്ലാ പോലീസ് മേധാവി ശരിവെച്ച് ശേഷം ബാക്കി തുകയും, ലേല തുകയുടെ 18% GST യും GST ചേർന്ന തുകയുടെ 5% വനവികസന നികുതിയും അടക്കേണ്ടതാണ്. മരം മുറിച്ച് നീക്കം ചെയ്യുമ്പോൾ ആളുകൾക്കും, ഗവണ്മെന്റ് വകയോ, അല്ലാത്തതോ ആയ സ്ഥാവര ജംഗമ വസ്തുക്കൾക്കോ അപകടമോ കേടുപാടുകളോ സംഭവിക്കാൻ പാടില്ലാത്തതും, അങ്ങനെ സംഭവിച്ചാൽ ആയതിൻറെ പൂർണ്ണ ഉത്തരവാദിത്വം ലേലം കൊണ്ട ആളിൽ നിക്ഷിപ്തമായിരിക്കുകയുമാണ്. ലേലം സ്ഥിരപ്പെടുത്തി ഉത്തരവായ ശേഷം 7 ദിവസത്തിനകം മരം നീക്കം ചെയ്യേണ്ടതാണ്. ലേലം ഉറപ്പിച്ച് ശേഷം ലേലക്കാരനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഡിപ്പാർട്ട്മെൻറ് ഉത്തരവാദി ആയിരിക്കുന്നതല്ല. ലേലം മാറ്റി വെക്കുന്നതിനും, നിർത്തിവെക്കുന്നതിനും ഉള്ള അധികാരം പാലക്കാട് ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്. ലേല വസ്തു ലേല തീയതിക്ക് 5 ദിവസം മുൻപുള്ള പ്രവർത്തി ദിവസങ്ങളിൽ 11.00 മണി മുതൽ 05.00 മണിവരെയുള്ള സമയത്തു സ്റ്റേഷൻ ഹൗസ് ഓഫീസറുടെ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്.

ANAND R IPS
District Police Chief

To : ബോർഡ് ചെയർമാൻറെയും എല്ലാ അംഗങ്ങളുടെയും അറിവിലേക്കും അനന്തര

നടപടികൾക്കുമായി.

Copy To : 1) എല്ലാ ജില്ലാ പോലീസ് മേധാവിമർക്കും, ബറ്റാലിയൻ കമണ്ടൻറുമാർക്കും അറിവിലേക്കും വേണ്ടത്ര പ്രചാരണം നൽകുന്നതിനുമായി അയക്കുന്നു. 2) പാലക്കാട് ജില്ലാ ഇൻഫർമേഷൻ ഓഫീസർ. 3) പാലക്കാട് ഡി.പി.ഒ കാഷ്യറുടെ അറിവിലേക്കായി.

Internal Administrative Processing System
iAPS
KERALA POLICE